I ഇ.ബി. XV - കേരള നിയമസഭ/V-15

# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

# നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ജൂലൈ 21, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചരമോപചാരം

ടി. ശിവദാസമേനോൻ, പി. രാഘവൻ, പി. ഗോപിനാഥൻ നായർ എന്നിവരുടെ നിര്യാണം

മുൻമന്ത്രി ടി. ശിവദാസമേനോൻ, മുൻ നിയമസഭാംഗം പി. രാഘവൻ, പ്രമുഖ ഗാന്ധിയൻ പി. ഗോപിനാഥൻ നായർ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും

പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II. അടിയന്തരപ്രമേയം

കർഷക സമൂഹം നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: കാർഷിക വിളകളുടെ വിലത്തകർച്ച, വളത്തിന് ഉയർന്ന വില, കാലാവസ്ഥാ വ്യതിയാനംമൂലമുള്ള രോഗങ്ങൾ, കൃഷിനാശം, വന്യമൃഗ ശല്യം, കടബാദ്ധ്യത തുടങ്ങിയ കാരണങ്ങളാൽ സംസ്ഥാനത്തെ കർഷകർ നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. സിദ്ദിഖ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കർഷകരെ സഹായിക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. വിലത്തകർച്ച നേരിടുന്നതിന് ഫലപ്രദമായ ഇടപെടലുകൾ നടത്തുകയും ബഡ്ജറ്റിൽ 14.05 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2020 നവംബർ 1-ന് 16 ഇനം പഴം പച്ചക്കറികൾക്ക് തറവില നിശ്ചയിച്ചത് ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. ഗവൺമെന്റിന്റെ ഇടപെടൽമൂലം സംസ്ഥാനത്തെ അരി ഉല്പാദനം

വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഉൽപ്പാദനക്ഷമതയുള്ള മേൽത്തരം വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കാൻ കേരള കാർഷിക സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ നെല്ലിന് ഏറ്റവും ഉയർന്ന സംഭരണവില നൽകുന്ന സംസ്ഥാനമെന്ന ഖ്യാതി കേരളത്തിന് നേടിയെടുക്കാനായതും കാലാവസ്ഥാ പ്രതികൂല സാഹചര്യങ്ങളിലും നല്ലരീതിയിൽ നെല്ല് സംഭരിക്കാൻ സാധിച്ചതും അഭിമാനകരമാണ്. നെൽ വയലിന് നൽകുന്ന റോയൽറ്റി ഹെക്ടറിന് 3,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ ഇടപെടലുകളിലൂടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കൃഷി കൂടുതൽ ഇടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനും 'കേരകേരളം-സമൃദ്ധകേരളം' പദ്ധതിയിലൂടെ കൂടുതലായി തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിക്കാനും സർക്കാർ ലക്ഷ്യമിടുന്നു. 'സുഭിക്ഷ കേരളം' പദ്ധതിയിലൂടെ എല്ലാ വിളകൾക്കും സബ്സിഡി മാനദണ്ഡങ്ങൾ പുതുക്കിനിശ്ചയിച്ചിട്ടുണ്ട്. വിള ഇൻഷ്വറൻസ് ഇനത്തിൽ അനുവദിച്ച തുക സമയബന്ധിതമായി കൊടുത്തുതീർക്കുന്നതാണ്. കേന്ദ്ര സർക്കാർ അടിക്കടി രാസവളത്തിന്റെ വില വർദ്ധിപ്പിക്കുന്നത് ജനദ്രോഹകരമാണ്. കർഷകരുടെ കടബാധ്യത പരിഹരിക്കുന്നതിനുവേണ്ടി കാർഷിക കടാശ്വാസ കമ്മീഷനും കർഷക ക്ഷേമനിധി ബോർഡും രൂപീകരിച്ചിട്ടുണ്ട്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: കാലാവസ്ഥാ വ്യതിയാനം, വില-വിളത്തകർച്ച, വന്യമൃഗശല്യം, രാസ-ജൈവ വളങ്ങളുടെ വിലവർദ്ധനവ്, സംഭരണത്തിലെ പാളിച്ച, വിപണി ഇടപെടലിലെ കാര്യക്ഷമതയില്ലായ്മ, സാമ്പത്തിക ബാധ്യത, സർഫാസി ആക്ടുപ്രകാരമുള്ള ജപ്തി നടപടികൾ, കാർഷിക കടാശ്വാസ കമ്മീഷന്റെ നിർജ്ജീവാവസ്ഥ തുടങ്ങിയ നിരവധി കാരണങ്ങളാൽ കേരളത്തിലെ കർഷകർ കടുത്ത പ്രതിസന്ധി നേരിടുകയാണ്. കേരള കാർഷിക സർവ്വകലാശാല ഐ.സി.എ.ആർ.-ന്റെ റാങ്കിംഗിൽ 28-ാം സ്ഥാനത്തേയ്ക്ക് പിന്തള്ളപ്പെട്ടിരിക്കുന്നുവെന്നത് ഗൗരവതരമാണ്. കടബാധ്യതമൂലം നിരവധി കർഷകരാണ് ആത്മഹത്യ ചെയ്യുന്നത്. കർഷക കുടുംബങ്ങളുടെ കടബാധ്യത സംബന്ധിച്ച പട്ടികയിൽ കേരളം ദേശീയതലത്തിൽ രണ്ടാം സ്ഥാനത്താണ്. രാസവളത്തിന് ക്രമാതീതമായി വില വർദ്ധിച്ച സാഹചര്യത്തിൽ സബ്സിഡി നൽകുന്ന കാര്യം ആലോചിക്കണം. കാർഷിക യന്ത്രങ്ങളുടെ വാടകയും ജൈവ വളത്തിന്റെയും കാലിത്തീറ്റയുടെയും കീടനാശിനികളുടെയും വിലയും ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. മിൽമ നൽകുന്ന കാലിത്തീറ്റ സബ്സിഡി നിർത്തലാക്കിയിരിക്കുകയാണ്. കാർഷിക കടാശ്വാസ കമ്മീഷൻ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ലെന്ന് മാത്രമല്ല അവാർഡ് ഇനത്തിൽ

കോടിക്കണക്കിന് രൂപ വിതരണം ചെയ്യാനുമുണ്ട്. കാർഷിക കാടാശ്വാസം അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിനും വിലസ്ഥിരത ഉറപ്പാക്കുന്നതിനും കർഷകരുടെ കടം എഴുതിത്തള്ളുന്നതിനും വായ്പകൾക്ക് പലിശരഹിത മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കർഷക ആത്മഹത്യകൾ ഉണ്ടാകാതിരിക്കാനുള്ള ഇടപെടൽ നടത്താൻ സർക്കാർ സന്നദ്ധമാണ്. കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം ഏർപ്പെടുത്താൻ ഒന്നാം പിണറായി സർക്കാരിന്റെ ആദ്യ കാബിനറ്റ് തീരുമാനമെടുത്തിരുന്നു. കാർഷിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമാക്കാനും ഐ.സി.എ.ആർ. റാങ്കിംഗിൽ ഒന്നാമതെത്തിക്കാനുമുള്ള ശ്രമം നടത്തിവരുന്നത്. രാജ്യത്തിനുതന്നെ മാതൃകയായി കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന 265.66 കോടി രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. കർഷക ആത്മഹത്യ ഒഴിവാക്കുന്നതിനുതകുന്ന പദ്ധതികൾ നടപ്പിലാക്കുകയും സർഫാസി നിയമംമൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കാനാവശ്യമായ ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്. കർഷകർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സഹായങ്ങൾ വർദ്ധിപ്പിക്കുന്നതാണ്. കുട്ടനാട്, അപ്പർ

കുട്ടനാട് മേഖലയ്ക്ക് പ്രത്യേകം പരിഗണന നൽകുന്നതിന് മുഖ്യമന്ത്രി ചെയർമാനായ സമിതി രൂപീകരിക്കുന്നതും കാർഷികോത്പന്നങ്ങൾ സംസ്കരിച്ച് വിപണനം ചെയ്യുന്നതിന് വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ കൊണ്ടുവരുന്നതും KABCO യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിലില്ലാത്ത തരത്തിലുള്ള ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): വളത്തിന്റെ വിലവിർദ്ധനവും സബ്സിഡി വെട്ടിക്കുറച്ച കേന്ദ്രനയവും വിളകളുടെ വിലത്തകർച്ചയും കാലാവസ്ഥാ വ്യതിയാനവും കാർഷിക മേഖലയെ കൂടുതൽ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. വിള ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കാനാകാത്തതും കാർഷിക കലണ്ടർപ്രകാരം കൃഷിയിറക്കാൻ കഴിയാത്തതും ഗുണമേന്മയില്ലാത്ത വിത്ത് വിതരണവും സർഫാസി ഉൾപ്പെടെയുള്ള നിയമങ്ങളും കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാത്തതും

കർഷകരെ ദുരിതത്തിലാക്കിയിരിക്കുകയാണ്. കേരള, തമിഴ്നാട് കാർഷിക സർവ്വകലാശാലകൾ ചെയ്ത സംഭാവനകൾ താരതമ്യം ചെയ്താൽ സംസ്ഥാനത്ത് കുറേ പാക്കേജുകൾ പ്രഖ്യാപിച്ചുവെന്നല്ലാതെ കാര്യമായ പുരോഗതിയുണ്ടാക്കിയിട്ടില്ല. കർഷകർക്കുവേണ്ടി പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയും തറവിലയും അവർക്ക് ലഭിക്കാത്ത സ്ഥിതിയാണുള്ളത്. സംസ്ഥാനത്തെ നാളികേര സംഭരണം ഫലപ്രദമല്ല. പരമ്പരാഗത രീതിയിൽ നിന്ന് മാറി കാർഷികമേഖലയിൽ പുതിയ സമീപനം കൊണ്ടുവരാനും പ്രതിസന്ധിയിലായ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും നടപടി സ്വീകരിക്കണം.

## II. ശ്രദ്ധക്ഷണിക്കൽ

### (1) നേമം റെയിൽവേ ടെർമിനൽ പദ്ധതി

ശ്രീ. ഐ. ബി. സതീഷ്: സംസ്ഥാന സർക്കാരിന്റെ ഒരു പ്രതിനിധി സംഘം കേന്ദ്ര റെയിൽവേ മന്ത്രിയെ സന്ദർശിച്ച് പദ്ധതിയുടെ ഗൗരവം ബോദ്ധ്യപ്പെടുത്തി തലസ്ഥാന ജില്ലയുടെ റെയിൽവേ വികസനത്തിന് അത്യന്താപേക്ഷിതമായ നേമം കോച്ച് ഫാക്ടറി നിർമ്മാണമാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): 2011-12-ലെ റെയിൽവെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നേമം റെയിൽവെ ടെർമിനൽ പദ്ധതിക്ക് 2019-ലാണ് തറക്കില്ലിട്ടെങ്കിലും യാതൊരു പുരോഗതിയും ഉണ്ടാകാത്ത സാഹചര്യത്തിൽ രാജ്യസഭാ അദ്ധ്യക്ഷന് നൽകിയ പരാതിയിന്മേൽ പ്രസ്തുത പദ്ധതി 16-02-2022-ൽ ഉപേക്ഷിച്ചുവെന്ന വിവരമാണ് രാജ്യസഭാ സെക്രട്ടേറിയറ്റ് മുഖേന അറിയിച്ചിട്ടുള്ളത്. 20-06-2022-ൽ റെയിൽവേ അധികാരികളുമായി നടന്ന ഉന്നത ഉദ്യോഗസ്ഥരുടെ ജോയിന്റ് റിവ്യൂ മീറ്റിംഗിൽ പ്രസ്തുത പദ്ധതി പിൻവലിച്ചതായി തീരുമാനമെടുത്തിട്ടില്ലെന്നാണ് റെയിൽവേ അധികൃതർ അറിയിച്ചിട്ടുള്ളത്. തിരുവനന്തപുരം സെൻട്രൽ റെയിൽവെ സ്റ്റേഷൻ വികസനത്തിന് അത്യന്താപേക്ഷിതമായ പ്രസ്തുത പദ്ധതി ഉപേക്ഷിക്കരുതെന്നാവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്.

## 2. ആശ്വാസകിരണം, സ്നേഹസ്പർശം, വി-കെയർ പദ്ധതി ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം

ശ്രീ. സജീവ് ജോസഫ്: സമൂഹത്തിലെ ദുർബലരും അവശതയനുഭവിക്കുന്നവർക്കും രോഗികൾക്കുംവേണ്ടി ആവിഷ്കരിച്ച വിവിധ പദ്ധതികളിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് യഥാസമയം സാമ്പത്തിക

സഹായം നൽകാനും സാമൂഹ്യസുരക്ഷാ ധനസഹായം കാലോചിതമായി വർദ്ധിപ്പിക്കാനും കുടിശ്ശിക വിതരണം ചെയ്യാനും സൗജന്യമരുന്ന് ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): തീവ്ര ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി രോഗബാധിതരെയും നൂറുശതമാനം അന്ധത ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും കാൻസർ മുതലായ രോഗങ്ങളാൽ കിടപ്പിലാവുകയും ദൈനംദിനകാര്യങ്ങൾക്ക് പരസഹായം ആവശ്യമുള്ള ആളുകളുടെ പരിചാരകരെയും ആശ്വാസകിരണം പദ്ധതിയിലുൾപ്പെടുത്തുകയും പ്രതിമാസം 600 രൂപ വീതം അനുവദിക്കുകയും ചെയ്യുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ വാർദ്ധക്യസഹജമായ അസുഖങ്ങളാൽ ശയ്യാവലംബികളായ ആളുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന സ്നേഹസ്പർശം പദ്ധതിയിൽ അംഗങ്ങളായവർക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു. വി-കെയർ പദ്ധതിയിലൂടെ 1700 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ അപേക്ഷകളുടെ എണ്ണം അനുദിനം വർദ്ധിച്ചു വരുന്നതിനാലും ലഭിക്കുന്ന തുക

അപര്യാപ്തമായതിനാലും യഥാസമയം ചികിത്സാനുകൂല്യം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും സഹായം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിനായി പൊതുജനങ്ങൾ, ദേശീയ-അന്തർദ്ദേശീയ സ്ഥാപനങ്ങൾ എന്നിവരിൽനിന്നും സംഭാവന ലഭ്യമാക്കാൻ എല്ലാ അംഗങ്ങളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

## IV. സബ്മിഷൻ

### 1. സ്വർണ്ണ കള്ളക്കടത്ത് കേസ്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സ്വർണ്ണ കള്ളക്കടത്ത് കേസ് അട്ടിമറിക്കപ്പെടുന്നുവെന്ന് സുപ്രീംകോടതിയിൽ ഇ.ഡി. പരാതി ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ കേസ് അട്ടിമറിക്കപ്പെടാതിരിക്കാൻ ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുന്നതിനും സർക്കാരിന്റെ നിരപരാധിത്വം തെളിയിക്കുന്നതിനും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ രാഷ്ട്രീയ ഉദ്ദേശ്യം മറികടക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സ്വർണ്ണക്കള്ളക്കടത്ത് കേസ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കാര്യക്ഷമമായി അന്വേഷിക്കണമെന്നും

അതിനാവശ്യമായ സഹായസഹകരണങ്ങൾ നൽകാൻ തയ്യാറാണെന്നും സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. അന്വേഷണത്തിനെതിരെ സർക്കാർ തടസ്സം സൃഷ്ടിക്കുന്നുവെന്നുള്ള പ്രചരണം അടിസ്ഥാനരഹിതമാണ്. സ്വർണ്ണ കള്ളക്കടത്ത് കേസ് സമഗ്രമായി അന്വേഷിക്കുന്നതിനുവേണ്ടിയുള്ള ഭരണഘടനാപരമായ ചുമതല സർക്കാരിനുള്ളതുകൊണ്ടാണ് ക്രൈംബ്രാഞ്ച് അന്വേഷണവും ജുഡീഷ്യൽ അന്വേഷണവും പ്രഖ്യാപിച്ചത്. ഇതിനെതിരെയാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സുപ്രീംകോടതിയെ സമീപിച്ച് സ്റ്റേ ഉത്തരവ് വാങ്ങിയത്. സർക്കാർ ഇക്കാര്യത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്വർണ്ണകള്ളക്കടത്ത് കേസ് കേന്ദ്ര അന്വേഷണ ഏജൻസികളുടെ പരിധിയിലാകയാൽ സംസ്ഥാന സർക്കാരിന് ഇടപെടൽ നടത്താൻ കഴിയില്ല. നീതിയുക്തമായ അന്വേഷണത്തിന് സഹകരണം ഉറപ്പാക്കും. കസ്റ്റംസ്, എൻ.ഐ.എ., സി.ബി.ഐ., ഇ.ഡി. തുടങ്ങിയ കേന്ദ്ര ഏജൻസികളാണ് സ്വർണ്ണക്കടത്തും അനുബന്ധ കേസ്സുകളും അന്വേഷിക്കുന്നത്. കേന്ദ്ര വിഷയമായതിനാൽ ഒരു പ്രത്യേക ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തണമെന്ന് സംസ്ഥാന സർക്കാരിന് ആവശ്യപ്പെടാൻ കഴിയില്ല.

(മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽവന്ന് ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(സർവ്വശ്രീ. എ. പി. അനിൽ കുമാർ, കെ. പി. എ. മജീദ്, യു. എ ലത്തീഫ് എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷനുകൾ അവതരിപ്പിക്കപ്പെട്ടില്ല.)

## 2. സബ്കനാലുകളുടെയും ഫീൽഡ് ചാലുകളുടെയും നവീകരണം

ശ്രീ. കെ. ഡി. പ്രസേനൻ: കൃഷി ആവശ്യത്തിനുള്ള സബ്കനാലുകൾ, ഫീൽഡ് ചാലുകൾ എന്നിവയുടെ ശുചീകരണപ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അതിവർഷത്തിൽ തകർന്ന മൺകയ്യാലകൾ പുനർനിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

## 3. കണ്ണമാലിയിൽ വില്ലേജ് ഓഫീസ്

ശ്രീ. കെ. ജെ. മാക്സി: കണ്ണമാലി വില്ലേജ് ഓഫീസ് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

## 4. കഴക്കൂട്ടം സിവറേജ് പദ്ധതി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: കഴക്കൂട്ടം സിവറേജ് പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആമയിഴഞ്ചാൻ തോട് പുറമ്പോക്കിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കഴക്കൂട്ടം സിവറേജ് പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തരമായി സർവ്വേ ടീമിനെ നിയോഗിച്ച് ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തത വരുത്തി സർക്കാർ ഭൂമിയാണെന്ന് കാണുന്നപക്ഷം കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിനും കേസ്സിൽ കക്ഷിചേർക്കുന്നതിന് അഫിഡവിറ്റ് ഫയൽ ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## 5. കോതമംഗലത്ത് പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടം

ശ്രീ. ആന്റണി ജോൺ: കോതമംഗലത്ത് ചുഴലിക്കാറ്റിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കോതമംഗലത്ത് ചുഴലിക്കാറ്റിനെത്തുടർന്നുണ്ടായ നാശനഷ്ടം സംബന്ധിച്ച്

ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്.ഡി.ആർ.എഫ്.-ന്റെ പരിധിയിൽ നിന്ന് അടിയന്തരമായി നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

(സർവ്വശ്രീ. മുഹമ്മദ് മുഹസിൻ, സി. എച്ച്. കുഞ്ഞമ്പു, തോമസ് കെ. തോമസ്, എൻ. കെ. അക്ബർ, പി. എസ്. സുപാൽ, കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, പി. നന്ദകുമാർ, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങളുടെ സബ്മിഷന് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി മേശപ്പുറത്തുവച്ചു.)

## V. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

<u>സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത</u>

സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്നതും ഫെഡറലിസത്തെ തകർക്കുന്നതുമായ കേന്ദ്രസർക്കാർ നയങ്ങൾക്കെതിരെയും സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും ധനകാര്യ വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## VI. ഗവൺമെന്റ് പ്രമേയം

<u>അർഹരായ മുഴുവൻ ജനങ്ങളെയും റേഷൻ സമ്പ്രദായത്തിൽ ഉൾപ്പെടുത്താൻ നടപടി</u>

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): അർഹരായ മുഴുവൻ ജനങ്ങളെയും റേഷൻ സമ്പ്രദായത്തിന്റെ പരിധിയിൽ

കൊണ്ടുവരുന്നതിനും മുൻഗണനാ റേഷൻ കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ ടൈഡ് ഓവർ ഗോതമ്പ്, മണ്ണെണ്ണ വിഹിതം എന്നിവ പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന എന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. ഒന്നാം ഖണ്ഡികയുടെ അവസാന ഭാഗത്ത് അച്ചടി പിശകായി വന്നിട്ടുള്ള 'അരലക്ഷത്തോളം പേർ' എന്നത് 'അഞ്ച് ലക്ഷത്തോളം കുടുംബങ്ങൾ' എന്ന് മാറ്റണം.

2. 'കേന്ദ്ര സർക്കാരിന്റെ ദേശീയ ഭക്ഷ്യ ഭദ്രത നിയമം 2016-ൽ സംസ്ഥാനത്ത് നടപ്പിലാക്കിയതോടുകൂടി കേരളത്തിലെ റേഷൻ സമ്പ്രദായം മുൻഗണന വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താൻ സംസ്ഥാനം നിർബന്ധിതമായി' എന്ന വാചകം താഴെപ്പറയുംപ്രകാരം ഭേദഗതി വരുത്തേണ്ടതാണ് - 'ദേശീയ ഭക്ഷ്യ ഭദ്രത നിയമം 2016-ൽ സംസ്ഥാനത്ത്

നടപ്പിലാക്കിയതോടുകൂടി കേരളത്തിലെ റേഷൻ സമ്പ്രദായം മുൻഗണന വിഭാഗങ്ങൾക്ക് മാത്രമായി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തി'.

3. പ്രമേയത്തിന്റെ രണ്ടാം ഖണ്ഡികയിൽ അഞ്ചാമത്തെ വരിയിൽ 'എന്നിവ'യ്ക്ക് ശേഷം 'അടിയന്തരമായി' എന്ന് ചേർക്കണം.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിന്റെ രണ്ടാം ഖണ്ഡികയിൽ അഞ്ചാമത്തെ വരിയിൽ 'പുന:സ്ഥാപിക്കണമെന്നും' എന്ന വാക്കിനുപകരം 'പുന:സ്ഥാപിക്കുന്നതോടൊപ്പം' എന്ന് ചേർത്തതിനുശേഷം 'മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണയുടെ വിഹിതം വർദ്ധിപ്പിച്ച് വില കുറയ്ക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുവാൻ' എന്ന് കൂട്ടിച്ചേർക്കണം.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച ഭേദഗതി മന്ത്രി സ്വീകരിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ അംഗീകരിച്ചു.

## VII. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും:

(1) 2022-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: 2022-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

വകുപ്പുതിരിച്ചുള്ള പരിഗണന

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്കരിച്ചു)

(2) 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: 2022-ലെ കേരള ധനവിനിയോഗ

(8-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## VIII. അവകാശലംഘന പ്രശ്നങ്ങൾ

### പരിഗണനയിലിരിക്കുന്നവ

മി. സ്പീക്കർ: സ്വർണ്ണക്കടത്ത് കേസ് അട്ടിമറിക്കപ്പെടുന്നത് സംബന്ധിച്ച് നിയമസഭയെയും സാമാജികരെയും തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചതിനെതിരെ ഡോ. മാത്യു കുഴൽനാടൻ എം.എൽ.എ. നൽകിയ നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

### അനുമതി നിഷേധിച്ചവ

കേരള നിയമസഭ പാസ്സാക്കിയ ലോകായുക്ത നിയമം ഭരണഘടനാവിരുദ്ധമാണെന്ന് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി മാധ്യമങ്ങളോട് പ്രസ്താവന നടത്തിയതും സമാന വാദഗതി ഉന്നയിച്ചുകൊണ്ട് സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ദേശാഭിമാനി ദിനപത്രത്തിൽ ലേഖനമെഴുതിയതിനുമെതിരെ ഡോ. മാത്യു കുഴൽനാടൻ എം.എൽ.എ. നൽകിയ നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

## IX. പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ പുരോഗതിയുണ്ടായിട്ടുണ്ടെന്നും 'ആസാദി കാ അമൃത് മഹോത്സവ് '-ന്റെ ഭാഗമായി നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ വിപുലമായി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ള ഓഡിയോ-വീഡിയോ പ്രദർശനത്തിന്റെ പ്രാരംഭമെന്ന നിലയിൽ ബഹുമാനപ്പെട്ട അംഗങ്ങൾക്കായി ഒരുക്കിയ പ്രദർശനത്തിന് നല്ല പ്രതികരണം ലഭിച്ചിട്ടുണ്ടെന്നും വരും നാളുകളിൽ അംഗങ്ങളുടെ

സഹകരണത്തോടെ അതതു മണ്ഡലങ്ങളിൽ ഇത്തരത്തിലുള്ള പ്രദർശനങ്ങൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായുള്ള അന്താരാഷ്ട്ര പുസ്തകമേളയും മറ്റ് സാംസ്കാരിക പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നുണ്ടെന്നും ഈ വർഷം നിയമനിർമ്മാണത്തിന് മാത്രമായി സഭയുടെ ഒരു പ്രത്യേക സമ്മേളനം ചേരുന്നത് ഉചിതമായിരിക്കുമെന്നും സഭയെ അറിയിക്കുകയും സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ഹൃദ്യമായ സ്വാതന്ത്ര്യദിന-ഓണാശംസകൾ നേരുകയും ചെയ്തു.

(സഭ ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 12-33-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

*******